ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഉണ്ടാക്കുന്ന ഒരു ബൈ പ്രോഡക്ടിലുള്ള പാരഫിൻ വാക്സ്—ഉപയോഗിച്ചാണ് മെഴുകുതിരി ഉണ്ടാക്കുന്നത്. അവർ സിഡ്ക്കോക്ക് നേരിട്ട് വിറ്റിട്ട് സിഡ്ക്കോ, യൂണിറ്റ്സിന് കൊടുക്കുന്നതുകൊണ്ട് 5 (7) അനുസരിച്ചുള്ള കൺസഷൻ ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിൽ നമുക്ക് ഇൻറേണലായിട്ടുള്ള എന്തെങ്കിലുമൊരു ഏർപ്പാടുണ്ടാക്കാൻ കഴിയുന്നു എങ്കിൽ ഇന്നത്തെ ഈ പരിതഃസ്ഥിതി പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മാണി പള്ളിയിൽ പോകുന്ന ആളാണല്ലോ, ഇപ്പോൾ അവിടെ മെഴുകുതിരികളുടെ എണ്ണം ധാരാളം കുറഞ്ഞിട്ടുണ്ട് എന്ന കാര്യം അറിയാമോ എന്നറിയില്ല. രണ്ടാമത്തേത് ഇലക്ട്രിസിറ്റിയുടെ ചാർജ്ജാണ്. കൂടെക്കൂടെ ഇലക്ട്രിസിറ്റി പോകും. കറൻറില്ലാത്തപ്പോൾ ഞങ്ങൾ ആശ്രയിക്കുന്നത് മെഴുകുതിരിയേയാണ്. അതുകൊണ്ട് ഈ മെഴുകുതിരിയെയെങ്കിലും നികുതിയിൽ നിന്ന് ഒഴിവാക്കി ഞങ്ങളെ രക്ഷിക്കണം. കറൻറ് ഏതവസരത്തിലും പോകാം. അതുകൊണ്ട് കറൻറ് ഫെയിലുവർ തുടർച്ചയായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും, അതുപോലെ, പള്ളിയിൽ കത്തിക്കുന്ന മെഴുകുതിരികളുടെ എണ്ണം കുറഞ്ഞസാഹചര്യത്തിലും ഈ രണ്ട് പരിഗണനകളും വച്ച് ഇതിനെ വില്പന നികുതിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : മെഴുകുതിരിയിലല്ലല്ലോ കാര്യങ്ങളെല്ലാം ഇരിക്കുന്നത്. വിശ്വാസം എന്നുപറയുന്നത് ആ മെഴുകുതിരിയിൽ മാത്രമാണ്. ഞാൻ ഒരു ഈശ്വര വിശ്വാസിയാണ്. പക്ഷേ ഞാൻ മെഴുകുതിരിയേക്കാൾ ഈശ്വരനെ ആരാധിക്കുകയും വിശ്വസിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്തായാലും ഇതുസംബന്ധിച്ച് ബുദ്ധിമുട്ടൊന്നും പള്ളികാര്യക്കാർ വന്നിട്ടില്ല. ഇലക്ട്രിസിറ്റിക്ക് പകരം ഇതിനെ ശ്രീ. വർക്കല രാധാകൃഷ്ണനോ മറ്റാർക്കെങ്കിലുമോ കൂടുതൽ വ്യാപകമായി പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ നമുക്ക് നോക്കാം, ഇതിനെക്കുറിച്ച് ആലോചിക്കാം.

കേസുകൾമൂലം നിറുത്തി വയ്ക്കേണ്ടിവന്ന പണികൾ

*398 [458]. ശ്രീ കാനം രാജേന്ദ്രൻ :

,, വി. കെ. രാജൻ :

,, കെ. പി. പ്രഭാകരൻ :

,, കെ. ഇ. ഇസ്മയിൽ :

,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറു വർക്കുകൾ ഏറ്റെടുത്തുനടത്തുന്ന കോൺട്രാക്ടർമാർ കൊടുത്തതും അവർക്കെതിരായി കൊടുത്തതുമായ എത്ര കേസുകൾ കോടതികളിൽ നിലവിലുണ്ട് ;

(ബി) ഈ കേസുകളുടെ പേരിൽ നിർത്തിവയ്ക്കേണ്ടിവന്ന എത്ര പണികൾ സംസ്ഥാനത്തുണ്ട് ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) കോൺട്രാക്ടർമാർ കൊടുത്ത 41 കേസുകളും അവർക്കെതിരായി കൊടുത്ത ഒരു കേസ്സും നാഷണൽ ഹൈവേ വിഭാഗത്തിലുണ്ട്. ബി & ആർ വിഭാഗത്തിൽ കോൺട്രാക്ടർമാർ കൊടുത്ത 156 കേസ്സുകളും അവർക്കെതിരായി കൊടുത്ത ഒരു കേസ്സും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാഷണൽ ഹൈവേ വിഭാഗത്തിൽ പണിയൊന്നും നിരുത്തിവയ്ക്കേണ്ടിവന്നിട്ടില്ല. ബി & ആർ വിഭാഗത്തിൽ 32 പണികൾ നിരുത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : കേസ്സുകളുടെ മൂലം മുടങ്ങിക്കിടക്കുന്ന നിരവധി പ്രവൃത്തികളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. വളരെ വർഷങ്ങളായി നിലനില്ക്കുന്ന കേസ്സുകളുണ്ട്; എന്നുള്ളത് പരിഗണിച്ച് ഈ കേസ്സുകൾ വളരെവേഗം തീർക്കുന്നതിനാവശ്യമായ മുൻകൈ ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : മിക്കവാറും കേസ്സുകൾ കോൺട്രാക്ടർമാർ കൊടുത്തിട്ടുള്ളത് അവാർഡ് ലഭിക്കാൻവേണ്ടി അവർ ആർബിട്രേഷൻ മുഖേന കൊടുത്തിട്ടുള്ളതാണ്. ആർബിട്രേഷന്റെ പ്രയോറിറ്റി അനുസരിച്ച് അതിന് തീരുമാനം നടത്തുന്നു. ആകെ നിർത്തിവയ്ക്കേണ്ടിവന്ന വർക്കുകൾ 32 ആണ്. പഴയ റിപ്പോർട്ടു പ്രകാരം നിർത്തി വച്ചതാണ്. അതിൽ കുറേ വർക്കുകൾ അറേഞ്ച് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളത് അറേഞ്ച് ചെയ്യാനുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : നിർത്തിവച്ച വർക്കുകൾ റീ ടെൻഡർ ചെയ്യേണ്ടായെന്ന് പറഞ്ഞ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ? അങ്ങനെയൊരു നിർദ്ദേശമുണ്ടെങ്കിൽ ഈ കേസ്സുകൾ തീർന്നുകഴിഞ്ഞാലും പല വർക്കുകളും ഉടനേ ആരംഭിക്കാൻ കഴിയുകയില്ല എന്നുള്ളതു പരിഗണിച്ച് ഇങ്ങനെ നിർത്തിവച്ച വർക്കുകൾക്ക് മുൻഗണന കൊടുത്ത് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : നിർത്തിവച്ച വർക്കുകൾമാത്രം എടുക്കേണ്ട എന്ന് പ്രത്യേകമായ നിർദ്ദേശം നല്കിയിട്ടില്ല. 1983 സെപ്റ്റംബറിൽ ഒരു ബാൻ ഓർഡർ ഉണ്ടായി. ആ ബാൻ ഓർഡർ പ്രകാരം നിർത്തിവച്ചതുമാത്രമല്ല ടെൻഡർ വിളിച്ച് പണി തുടങ്ങാത്തതും എടുക്കാൻ പാടില്ല എന്ന ഒരു നിർദ്ദേശമുണ്ടായി. പക്ഷേ ആ ബാൻ കുറേയൊക്കെ ലിഫ്റ്റ് ചെയ്ത് വർക്ക് നടക്കുന്നുണ്ട്.

ശ്രീ. വി. കെ. രാജൻ : കേസ്സുകൾ സാധാരണഗതിയിൽ കോൺട്രാക്ടർമാരും എൻജിനീയർമാരും തമ്മിലുള്ള ഒരു ഒത്തുകളിയുടെ ഫലമായിട്ടാണ് വരുന്നത് എന്ന് പരക്കെ ആക്ഷേപമുണ്ട്. അതിന്റെ ഫലമായി കേസ്സുകൾ കൊടുക്കാനുള്ള സാവകാശം അവർക്ക് കൊടുത്തതുകൊണ്ട് പണികൾ പലതും നിർത്തിവയ്ക്കുന്ന ഏർപ്പാടാണ് നടക്കുന്നത്. ഇതിനെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ആർബിട്രേഷൻ മിക്കവാറും കോൺട്രാക്ടർമാർക്ക് അനുകൂലമായിരിക്കും; ഗവൺമെന്റിനെതിരായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആർബിട്രേഷൻ വേണ്ട എന്നു തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : തിരുവനന്തപുരത്ത് ഉള്ള മങ്കാട്ടുകടവ് പാലം— അതിന്റെ അപ്രോച്ച് റോഡിന്റെ 98 ശതമാനം പണിയും പൂർത്തീകരിച്ചതാണ്. അതിനിടയിൽ കോൺട്രാക്ടർമാരും എൻജിനീയർമാരും തമ്മിൽ ഒരു തർക്കമുണ്ടായി. അതിന്റെ ഫലമായി കേസ്സ് കൊടുത്തു. ആ കേസ്സ് ആദ്യം കീഴ്ക്കോടതിയിൽ തള്ളിക്കളയുകയും ചെയ്തു. ഇപ്പോഴും ആ പണി റീ

LIBRARY ARCHIVES Kerala Legislative Assembly

ടെൻറർ ചെയ്തു മറ്റു ആളുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. റീ ടെൻറർ ചെയ്താൽ നഷ്ടമാകും. അതു പരിഹരിക്കുന്നതിനുവേണ്ടി എൻജിനീയറും കോൺട്രാക്ടറും തമ്മിൽ ഇതിൽ ഒരു ഒത്തുകളിയുണ്ട്. അതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഞാൻ പറഞ്ഞതു ജനറലായിട്ടാണു്. പ്രത്യേകമായ ഒത്തുകളിയാണു് എന്നു് എഴുതി അറിയിക്കുകയാണെങ്കിൽ ആ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ആർബിട്രേഷൻ ഇപ്പോഴും നിർത്തി എന്നു പറഞ്ഞു. ഒരുനിശ്ചിത സംഖ്യ—രണ്ടുലക്ഷംവരെ അനുവദിച്ചു, അതിനു മേലുള്ളതായിരുന്നു ആദ്യം നിർത്തിയിരുന്നതു്— ഇതു് പൂർണ്ണമായി നിർത്തി എന്നാണോ ? അങ്ങനെയാണെങ്കിൽ എന്നുമുതലാണു് അതു് നിർത്തിയതു് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : 16-5-1985 മുതലാണു്.

ശ്രീ. കെ. പി. പ്രഭാകരൻ : ഇപ്പോഴും പല ടെൻററുകളും വിളിച്ചാൽ കോൺട്രാക്ടർമാർ എടുക്കുന്നില്ല. ആ സ്ഥിതിക്കു് കാരണമെന്താണു് ? അതു് പരിഹരിക്കുന്നതിനു് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടു് കോൺട്രാക്ടർമാരുടെ അസോസിയേഷൻ ചില തീരുമാനങ്ങൾ എടുത്തിരുന്നു. ആ തീരുമാനം അവർ മാററി എന്നാണു് അറിയുന്നതു്. അതിൻെറ അടിസ്ഥാനത്തിൽ ഇനി ടെൻറർ വിളിച്ചാൽ ആളുണ്ടാകും.

ശ്രീ കെ. ഇ. ഇസ്മയിൽ : 156 കേസ്സുകളും അതിനേത്തുടർന്നു് ബി & ആർ-ൽ 32 പണികളും നിർത്തിവച്ചിട്ടുണ്ടു് എന്നുപറഞ്ഞു. അതിനും പുറമേ നിരവധി റോഡുകൾ ടെൻറർ ചെയ്തതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത്തരം റോഡുകൾ പ്രവർത്തിക്കാത്തതു് ഏതു് അടിസ്ഥാനത്തിലാണു്, അതു് പ്രവർത്തിപ്പിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ അടിയന്തിരമായി എടുക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : 156 കേസ്സുകളാണു് ഇവിടെ കിട്ടിയതു്. കൂടുതൽ പ്രവർത്തിക്കാത്തതു് ഉണ്ടു് എന്നു് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനാവശ്യമായ നടപടി എടുക്കും.

ശ്രീ. കെ. ഇ. ഇസ്മയിൽ : 32 റോഡുകൾ കേസ്സുകളുടെ അടിസ്ഥാനത്തിൽ നിർത്തിവക്കേണ്ടിവന്നു, 156 കേസ്സുകളാണു് നിലവിലുള്ളതു് എന്നും പറഞ്ഞു. എന്നാൽ നമ്മുടെ സംസ്ഥാനത്തു് കേസ്സുകളുടെ അടിസ്ഥാനത്തിൽ 32 റോഡുകളുടെ പ്രവർത്തനങ്ങൾ മാത്രമാണു് ഇപ്പോൾ നിർത്തിവച്ചിട്ടുള്ളതു്. എന്നാണോ മന്ത്രിയുടെ അഭിപ്രായം ? അതല്ലായെങ്കിൽ മറ്റു് റോഡുകളുടെ പ്രവർത്തനങ്ങൾ നടക്കാത്തതു് എന്തുകൊണ്ടാണു് എന്നാണു് ഞാൻ ചോദിച്ചതു് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : 32 റോഡുകൾ നിർത്തിവച്ചു എന്നുഞാൻ പറഞ്ഞതു് അന്നു് നിർത്തിവച്ചതാണു്. പിന്നീടു് അതിൽ ചില വർക്കുകൾ തുടങ്ങിയെന്നും പറഞ്ഞു. അതു് മെമ്പർ മനസിലാക്കിയിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : കഴിഞ്ഞ അഞ്ചു് കൊല്ലം മുമ്പു് അഡ്മിനിസ്ട്രേറീവു് സാങ്ഷൻ കിട്ടുകയും ടെൻറർ ചെയ്യുകയും ചെയ്ത കുറ്റിപ്പെങ്ങാശ്ശേരി റോഡിൻെറ പണി ഇപ്പോൾ മുറെ നടക്കുന്നില്ല. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകക്ഷിയോഗം കൂടി ഒരു വലിയ സമരത്തിലാണ് ജനങ്ങളും. അങ്ങനെ നാലഞ്ചുകൊല്ലം മുമ്പ് ടെൻഡർ ചെയ്തുകഴിഞ്ഞ ഒരുവട്ടം പണി തുടങ്ങിവച്ചിട്ടുള്ള പ്രവർത്തനം ഇപ്പോഴും നിർത്തിവച്ചിട്ടുണ്ട്. ആ റോഡിന്റെ പ്രവർത്തനം നിർത്തിവച്ചത് ഇതുപോലെ കേസ്സിന്റെ അടിസ്ഥാനത്തിൽ നിർത്താൻ തീരുമാനിച്ചുകൊണ്ടാണോ ? അതല്ലെങ്കിൽ എന്തുകൊണ്ടാണ് ആ റോഡിന്റെ പ്രവർത്തനം ഇന്ന് നടക്കാത്തത് എന്നുപറയാൻ കഴിയുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അഞ്ചുകൊല്ലം മുമ്പ് നിർത്തിവച്ചതാണെങ്കിൽ 1983 സെപ്റ്റംബർ മാസത്തിലുണ്ടായ ബാൻ പ്രകാരം ആ വർക്ക് എടുക്കണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടാകും.

ശ്രീ. വി. ജെ. തങ്കപ്പൻ : കേസ്സുകളുടെ പേരിൽ നിർത്തിവയ്ക്കപ്പെട്ടിരുന്ന വർക്കുകൾ കേസ്സുതീർന്നു കഴിഞ്ഞാൽ പുനരാരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : മൂന്നുനാലു വർക്കുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു. മറ്റുവർക്കുകൾ അറേഞ്ച് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വിജയദാസ് : വർഷങ്ങളായി നടന്നുവരുന്ന എൻജിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള ഒത്തുകളി അവസാനിപ്പിക്കാൻ എന്ത് സംവിധാനമാണ് ഗവൺമെന്റ് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : പുതിയ കേസ്സുകളൊന്നും ഇപ്പോൾ ആർബിട്രേഷൻ മുഖേന വരുന്നില്ല, പഴയ കേസ്സുകൾ കഴിയുംവേഗം തീർക്കാനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

ഷാപ്പുലേലം

*399 [459]. ശ്രീ. ടി. കെ. അബ്ദു :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. കെ. മൂസ്സക്കുട്ടി :

ശ്രീമതി പി. ദേവൂട്ടി :

ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളുഷാപ്പുകളുടെയും ചാരായഷാപ്പുകളുടെയും ലേലം സംബന്ധിച്ച് നിലവിലുള്ള നയം എന്താണ് ;

(ബി) കള്ളുഷാപ്പുകൾ ലേലം ചെയ്ത് ഉറപ്പിച്ചതിനുശേഷം വിദേശമദ്യഷാപ്പുകളും ചാരായഷാപ്പുകളും ലേലം ചെയ്യുന്ന തരത്തിൽ ലേലനയം പുനരാവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ലേലകാലാവധി ദീർഘിപ്പിച്ച് കള്ളു പെത്ത് വ്യവസായത്തിലെ അസ്ഥിരത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) സംസ്ഥാനത്തെ മദ്യഷാപ്പുകൾ ലേലം ചെയ്യുന്നത് ഓരോ റെയിഞ്ചിലേയും കള്ള്, ചാരായം, വിദേശമദ്യം (ചില്ലറ) വിദേശമദ്യം (മൊത്തം) എന്നീ മുൻഗണനാക്രമത്തിലാണ്. ഓരോ റെയിഞ്ചിലേയും കള്ളുഷാപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly